# കെ.സി.എസ്. പ്രവർത്തന റിപ്പോർട്ട്

2014 നവംമ്പർ 20-ാം തീയതി മുതൽ മെയ് വരെയുള്ള ചിക്കാഗോ കെ.സി.എസ്. പ്രവർത്തന റിപ്പോർട്ട്.

കെ.സി.എസ്. കുടുംബത്തിൽ നിന്നും വേർപിരിഞ്ഞ ഫിലിപ്പ് മഠത്തിൽപ്പറമ്പിൽ, മേരി തെക്കനാട്ട്, ചാക്കോ ഞരളക്കാട്ട്കുന്നേൽ, മറിയം ചേത്തലിൽ, അബ്രഹാം കരികുളത്തിൽ, ഏലി ചക്കാലക്കൽ എന്നിവരുടെ സ്മരണയ്ക്ക് ചിക്കാഗോ കെ.സി.എസ്. ആദരാഞ്ജലികൾ അർപ്പിക്കുന്നു.

2014 നവംമ്പർ 22-ാം തീയതി കമ്മ്യൂണിറ്റി സെന്ററിൽ മുൻ പ്രസിഡന്റ് ജോർജ് തോട്ടപ്പുറത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന വാർഷിക പൊതുയോഗത്തിൽ, മുൻ സെക്രട്ടറി ജൂബി വെന്നലശ്ശേരിൽ റിപ്പോർട്ടും, മുൻ ട്രഷറർ ജെസ്റ്റിൻ തെങ്ങനാട്ട് കണക്കും അവതരിപ്പിച്ചു. അടുത്ത രണ്ടു വർഷത്തേക്കുള്ള ഓഡിറ്ററെ തെരഞ്ഞെടുക്കുന്നതിന് പൊതുയോഗം ജോർജ് തോട്ടപ്പുറത്തിനേയും, ജോസ് കണിയാലിയേയും ചുമതലപ്പെടുത്തിയതനുസരിച്ച് ജെയ്ബു മാത്യു കുളങ്ങരയെ ഓഡിറ്ററായി തെരഞ്ഞെടുത്തു. കെ.സി.സി.എൻ.എ. യും അതിന്റെ അംഗസംഘടനകളുമായി കാലാകാലങ്ങളായി നിലനിന്നുപോരുന്ന സുഗമമായ ബന്ധത്തിന് വിപരീതമായി പ്രവർത്തിച്ചിരുന്ന മുൻ കെ.സി.സി.എൻ.എ. നേതൃത്വത്തോടുള്ള അതൃപ്തിയും, 2014 കെ.സി.സി.എൻ.എ. കൺവൻഷന്റെ കണക്കുകൾ ഒരു സ്വതന്ത്ര ഓഡിറ്റിംഗ് ഏജൻസിയെകൊണ്ട് അന്വേഷിക്കുവാനും, 2014 നവംമ്പർ 1-ന് ടാമ്പായിൽ ചേർന്ന അപൂർണ്ണ കെ.സി.സി.എൻ.എ. നാഷണൽ കൗൺസിൽ മീറ്റിംഗിന്റെ വെളിച്ചത്തിൽ, 2014 ഡിസംബർ 13 ന് ചിക്കാഗോ കെ.സി.എസ് കമ്മ്യൂണിറ്റി സെന്ററിൽ നാഷണൽ കൗൺസിൽ യോഗം കൂടണമെന്നും പ്രമേയത്തിലൂടെ ജനറൽ ബോഡി യോഗം ഏകകണ്ഠമായി ആവശ്യപ്പെട്ടു.

### കിസ്തുമസ് കരോൾ:

കെ.സി.എസ്. കരോൾ കമ്മറ്റി ചെയർമാൻ സ്റ്റീഫൻ കിഴക്കേക്കുറ്റിലിന്റെ നേതൃത്വത്തിൽ മുൻ ഭാരവാഹികളും, നിയുക്ത ഭാരവാഹികളും ചേർന്ന് നടത്തപ്പെട്ട കരോളിലൂടെ 28015 ഡോളർ സമാഹരിച്ചു. കിസ്തുമസ് സന്ദേശം ഭവനത്തിൽ എത്തിക്കുന്നതിന് സഹായിച്ച എല്ലാവർക്കും, കരോൾ സംഘത്തെ കുടുംബങ്ങളിൽ സ്വീകരിച്ചവർക്കും നന്ദി അറിയിക്കുന്നു.

### പുതിയ ഭാരവാഹികളുടെ സത്യപ്രതിജ്ഞയും പുതുവത്സരാഘോഷവും:

2014 ഡിസംബർ 31 ന് ചേർന്ന പൊതുയോഗം, 2015-2016 പ്രവർത്തന വർഷത്തേക്കുള്ള സെക്രട്ടറിയായി ജീനോ കോതാലടിയിൽ, ജോയിന്റ് സെക്രട്ടിറിയായി സണ്ണി ഇടിയാലിൽ, ട്രഷററായി സ്റ്റീഫൻ കിഴക്കേക്കുറ്റ് എന്നിവരെ നോമിനേറ്റ് ചെയ്തു. തുടർന്ന് പുതുതായി തെരഞ്ഞെടുക്കപ്പെട്ട എക്സിക്യൂട്ടീവ് അംഗങ്ങൾ, നാഷണൽ കൗൺസിൽ അംഗങ്ങൾ, ലെജിസ്ലേറ്റീവ് ബോർഡ് അംഗങ്ങൾ എന്നിവർ ലെയ്സൺ ബോർഡ് അംഗം മാതാദാസ് ഒറ്റതെക്കലിന്റെ മുൻപാകെ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു.

സുഗമമായ മാറ്റത്തിന് എല്ലാവിധ സഹകരണവും നൽകിയ മുൻ ഭാരവാഹികളായ ജോർജ് തോട്ടപ്പുറം, ജെസ്മോൻ പുറമഠത്തിൽ, ജൂബി വെന്നലശ്ശേരിൽ, ബാബു തൈപ്പറമ്പിൽ, ജെസ്റ്റിൻ തെങ്ങനാട്ട് എന്നിവർക്ക് പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

## ലെജിസ്ലേറ്റീവ് ബോർഡ് യോഗം

2015 ജനുവരി 9 ന് മുൻ ചെയർമാൻ ജെയ്മോൻ നന്ദികാടിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം റ്റോമി കണ്ണാലയെ ചെയർമാനായും, ബിജു കണ്ണച്ചാംപറമ്പിലിനെ വൈസ് ചെയർമാനായും തെരഞ്ഞെടുത്തു. വിവിധ കമ്മറ്റി ചെയർമാൻമാരായി സജി തെക്കുംകാട്ടിൽ (ഫിനാൻസ്), ജെയിംസ് കോലടിയിൽ (ഔട്ട്ഡോർ കമ്മറ്റി), ആനന്ദ് ആകശാല (മെമ്പർഷിപ്പ്), റ്റോമി പ്ലാത്തോട്ടത്തിൽ (ലിറ്റർജി) എന്നിവരെ തെരഞ്ഞെടുത്തു. ന്യൂസ്ലെറ്റർ എഡിറ്ററായി നൈജു മണക്കാട്ടിനേയും, എന്റർറ്റെയ്ൻമെന്റ് കമ്മറ്റി ചെയർപേഴ്സണായി ഡെന്നി പുല്ലാപ്പള്ളിലും തെരഞ്ഞെടുക്കപ്പെട്ടു. തുടർന്ന് കെ.സി.എസ്. പ്രസിഡന്റ് ജോസ് കണിയാലിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ബോർഡ് ഓഫ് ഡയറക്ടേഴ്സ് യോഗം പുതിയ പ്രവർത്തന പരിപാടിയിലേക്ക് അംഗീകാരം നൽകി.

## കെ.സി.എസ്. പ്രവർത്തനോദ്ഘാടനവും, അഭിവന്ദ്യപിതാക്കന്മാരുടെ അനുസ്മരണവും:

കെ.സി.എസ്. പുതിയ പ്രവർത്തനസമിതിയുടെ ഉദ്ഘാടനം, പ്രസിഡന്റ് ജോസ് കണിയാലിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സ്പിരിച്ച്വൽ ഡയറക്ടർ ഫാ. എബ്രഹാം മുത്തോലത്ത് നിർവ്വഹിച്ചു. ഭാഗ്യസ്മരണാർഹരായ ദൈവദാസൻ മാർ മാത്യു മാക്കീൽ, മാർ അലക്സാണ്ടർ ചൂളപ്പറമ്പിൽ, മാർ തോമസ് തറയിൽ എന്നിവരുടെ ഓർമ്മയാചരണവും നടത്തി. പ്രർത്ഥനാ ശുശ്രൂഷകൾക്ക് ഫാ. എബ്രഹാം മുത്തോലത്ത് നേതൃത്വം നൽകി. സമ്മേളനത്തോടനുബന്ധിച്ച് വിവിധ കലാപരിപാടികൾക്ക് നേതൃത്വം നൽകിയ എന്റർട്ടെയ്ൻമെന്റ് കമ്മറ്റി, വിമൻസ് ഫോറം അംഗങ്ങൾ എന്നിവർക്കും, നേർച്ച വിഭവങ്ങൾ ഒരുക്കിയ സീനിയർ സിറ്റിസൺ ഫോറത്തിനും പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

## കെ.സി.എസ്. ഡിബേറ്റ് ഫോറം ഉദ്ഘാടനവും കെ.സി.സി.എൻ.എ. സ്ഥാനാർത്ഥി സംവാദവും.

കെ.സി.എസ്. അംഗങ്ങളുടെ വിഭിന്നവും, വൈവിധ്യമാർന്നതുമായ അഭിരുചികൾ വളർത്തുന്നതിന് രൂപീകൃതമാകുന്ന ഫോറങ്ങളുടെ ഭാഗമായ ഡിബേറ്റ് ഫോറത്തിന്റെ ഉദ്ഘാടനം ജോസ് കണിയാലി നിർവഹിച്ചു. തുടർന്ന് നടത്തപ്പെട്ട കെ.സി.സി.എൻ.എ. തെരഞ്ഞെടുപ്പ് സംവാദത്തിൽ സ്ഥാനാർത്ഥികളായ സണ്ണി പൂഴിക്കാലാ, ബേബി മണക്കുന്നേൽ, തോമസ് പൂതക്കരി, ജോസ് ഉപ്പൂട്ടിൽ, പയസ് വേളൂപ്പറമ്പിൽ, ജോസ് കാപറമ്പിൽ, സക്കറിയാ ചേലക്കൽ സാമോൻ പല്ലാട്ടു മഠത്തിൽ എന്നിവർ പങ്കെടുത്തു. താഴെപറയുന്നവരാണ് യഥാക്രമം, വിവധ ഫോറങ്ങളുടെ ചെയർമാൻമാരും, വൈസ്ചെയർമാൻമാരും.

| | | |
|---|---|---|
| ഡിബേറ്റ് ഫോറം | : | ലിൻസ് താന്നിച്ചുവട്ടിൽ, ജെയ്മോൻ നന്ദിക്കാട്ട് |
| നേതൃസംഗമം | : | ജോർജ് നെല്ലാമറ്റം, ജോയി വാച്ചാച്ചിറ |
| നർമ്മവേദി | : | സണ്ണി ഇണ്ടിക്കുഴി, ജോയി വരകാലായിൽ |
| ബിസിനസ്സ് ഫോറം | : | സിറിയക്ക് കൂവക്കാട്ടിൽ, ജോയി നെടിയകാലായിൽ |
| ഓർക്കസ്ട്ര | : | സജി മാലിത്തുരുത്തേൽ, ഷാബിൻ കുരുട്ടുപ്പറമ്പിൽ |
| ഇവന്റ് മാനേജ്മെന്റ് | : | റ്റോമി ഇടത്തിൽ, ബെന്നി വാച്ചാച്ചിറ |
| മീഡിയ ഫോറം | : | സാജു കണ്ണമ്പള്ളി, ബിജു കിഴക്കേക്കുറ്റ് |
| നാടക സമിതി | : | ജെയിൻ മാക്കീൽ, തമ്പിച്ചൻ ചെമ്മാച്ചേൽ |

| | | |
|---|---|---|
| സ്പോർട്ട്സ് ഫോറം | : | ഷിജു ചെറിയത്തിൽ, ജോസ് ഇടിയാലിൽ |
| പ്രൊഫഷണൽ ഫോറം | : | തമ്പി വിരുത്തിക്കുളങ്ങര, അജിമോൾ പുത്തൻപുരയിൽ |
| യംഗ് ഫാമിലി ഫോറം | : | അഭിലാഷ് നെല്ലാമറ്റം, മാത്യു വിലങ്ങാട്ടുശ്ശേരിൽ |

### നർമ്മവേദി ഉദ്ഘാടനവും ചിരിയരങ്ങും

നർമ്മവേദിയുടെ ഉദ്ഘാടനം മാർച്ച് 7-ന് അറിയപ്പെടുന്ന പ്രഭാഷകനായ ഡോ:റോയി പി. തോമസ് നിർവഹിച്ചു. സമ്മേളനത്തോടനുബന്ധിച്ച് മനം കുളിർപ്പിക്കുന്ന ചിരിയരങ്ങും നടത്തപ്പെട്ടു.

### കെ.സി.എസ്. ഓർക്കസ്ട്ര ഉദ്ഘാടനവും, സംഗീത സായാഹ്നവും:

കെ.സി.എസ്. ഓർക്കസ്ട്രയുടെ ഉദ്ഘാടനം ഏപ്രിൽ 17-ാം തീയതി ഫാ. സുനി പടിഞ്ഞാറേക്കര നിർവഹിച്ചു. സമ്മേളനത്തിനോടനുബന്ധിച്ച് അസ്വാദ്യകരമായ സംഗീത സായാഹ്നവും നടത്തപ്പെട്ടു.

### സ്പോർട്സ് ഫോറം ഉദ്ഘാടനം:

സമുദായ അംഗങ്ങളുടേയും, പ്രത്യേകിച്ച് യുവജനങ്ങളുടേയും കായിക അഭിരുചികൾ വളർത്തുന്നതിനും മത്സരങ്ങൾ സംഘടിപ്പിക്കുന്നതിനുമായി രൂപീകൃതമായിട്ടുള്ള സ്പോർട്സ് ഫോറത്തിന്റെ ഉദ്ഘാടനം മെയ് 1-ാം തീയതി കെ.സി.സി.എൻ.എ സ്പിരിച്ചൽ ഡയറക്ടർ ഫാ. തോമസ് മുളവനാൽ നിർവഹിച്ചു.

ബിസിനസ് ഫോറം, നാടക സമിതി, യംഗ് ഫാമിലി ഫോറം, മീഡിയഫോറം എന്നിവയുടെ പരിപാടികൾക്ക് രൂപം നൽകുന്നതിനുള്ള മീറ്റിംഗുകൾ, കമ്മ്യൂണിറ്റി സെന്ററിൽ വിവിധ തീയതികളിൽ ചേർന്നു.

### സോഷ്യൽ ബോഡി യോഗം:

കെ.സി.എസ്. സോഷ്യൽ ബോഡി യോഗം 2015 ഫെബ്രുവരി 15-ന്, പ്രസിഡന്റ് ജോസ് കണിയാലിയുടെ അദ്ധ്യക്ഷതയിൽ നടന്നു. മൾട്ടിപർപ്പസ് സെന്റർ സ്ഥാപിക്കുന്നതിലേക്കുള്ള സാദ്ധ്യതകൾ ആരായുന്നതിനും, ഹോഫ്മാൻ എസ്റ്റേറ്റ്സിൽ, ക്നാനായ സീനിയർ ലീവിംഗ് ഹോംസ് നിർമ്മിക്കുന്നതിലേക്കുമുള്ള സാദ്ധ്യതകളേക്കുറിച്ച് പഠിക്കുന്നതിന് രണ്ട് സേർച്ച് കമ്മറ്റികൾ യോഗം രൂപീകരിച്ചു. **ഹോഫ്മാൻ എസ്റ്റേറ്റ്സ് സീനിയർ ലീവിംഗ് ഹോംസ് കമ്മറ്റി അംഗങ്ങൾ** ഷാജി ഏടാട്ട് (ചെയർമാൻ), സിറിയക്ക് കൂവക്കാട്ടിൽ, ഫ്രാൻസിസ് കിഴക്കേക്കുറ്റ്, ഷാജി പുളിമലയിൽ, ഫിലിപ്പ് പുത്തൽപുരയിൽ എന്നിവരാണ് അംഗങ്ങൾ.

## മൾട്ടിപർപ്പസ് സേർച്ച് കമ്മറ്റി:

ബിനു പൂത്തുറയിൽ (ചെയർമാൻ), സിറിയക്ക് പുത്തൻപുരയിൽ, മാത്യു മാപ്ലേട്ട്, ജെസ്റ്റിൻ തെങ്ങനാട്ട്, അലക്സ് മുല്ലപ്പള്ളിൽ, സൻജു പുളിക്കത്തൊട്ടിയിൽ, ജോസ് മണക്കാട്ട് എന്നിവരാണ് അംഗങ്ങൾ. രണ്ട് കമ്മറ്റികളും മൂന്നു മാസത്തിനകം അന്തിമ റിപ്പോർട്ടും നൽകേണ്ടതാണ്. കെ.സി.എസ് ബിൽഡിംഗ് ബോർഡിലേക്ക് ബിനു പൂത്തുറയിലും, ഷാജി ഏടാട്ടും തെരഞ്ഞെടുക്കപ്പെട്ടു. മെയ് 29ന് നടത്തപ്പെടുന്ന കെ.സി.എസ് ഫണ്ട് റെയിസിംഗ് ഷോയ്ക്ക് 500 ഡോളറോ, അതിന്റെ ഗുണിതങ്ങളോ നൽകുന്നവർക്ക് 500 ഡോളറിന് ഓരോ ഷെയർ വച്ച് നൽകുന്നതിനും യോഗം തീരുമാനിച്ചു.

**ഡോളർ ഫോർ ക്നാനായ ചാരിറ്റി:**

ഡോളർ ഫോർ ക്നാനായ ചാരിറ്റിയുടെ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം, ബിനു പൂത്തുറയിൽ നിന്നും സംഭാവന സ്വീകരിച്ച് കെ.സി.എസ് പ്രസിഡന്റ് ജോസ് കണിയാലിൽ നിർവഹിച്ചു. ജെയ്മോൻ നന്ദിക്കാട്ട്, രാജു നെടിയകാലായിൽ, ജോസ് പിണർക്കയിൽ, ജോസ് കരിക്കുളം, സേവ്യർ നടുപ്പറമ്പിൽ എന്നിവരാണ് കമ്മറ്റി അംഗങ്ങൾ.

**ഫണ്ട് റെയിസിംഗ് ഷോ:**

കെ.സി.എസിന്റെ സ്വപ്നപദ്ധതിയായ, മൾട്ടിപർപ്പസ് സെന്ററിന്റെ സാക്ഷാത്ക്കാരത്തിനായി മെയ് 29-ന് ഗേറ്റ് തീയേറ്ററിൽ വച്ച് നടത്തപ്പെടുന്ന സിദ്ധിക്ക്ലാൽ ഷോയുടെ കിക്കോഫ് ഏപ്രിൽ 17-ാം തീയതി നടന്ന സമ്മേളനത്തിൽ വെച്ച് നടത്തപ്പെട്ടു. ഡയമണ്ട് സ്പോൺസർ ജോൺ & മോളി പുതുശ്ശേരിൽ, പ്രഥമ ടിക്കറ്റ് വാങ്ങിയ ഷാജി & മിനി ഏടാട്ട്, പ്ലാറ്റിനം സ്പോൺസർ ജോയി & മോളമ്മ നെടിയകാലായിൽ, ഗോൾഡൺ സ്പോൺസർമാരായ ഫിലിപ്പ് & ജെയ്മോൾ മുണ്ടപ്ലാക്കിൽ, റ്റോമി & ഷേർളി നെല്ലാമറ്റം, കുരുവിള & ഡോ. സൂസൻ ഇടുക്കുതറ, ചാക്കോച്ചൻ & ഷിജി കിഴക്കേക്കുറ്റ്, ബിനു & ജിഷാ പൂത്തുറയിൽ, അലക്സ് & ലിസി മുല്ലപ്പള്ളിൽ, പേരന്റ് പെട്രോളിയം എന്നിവർക്കും മറ്റ് വിവിധതരം സ്പോൺസർമാർ, ടിക്കറ്റുകൾ വാങ്ങിയ എല്ലാവർക്കും നന്ദി രേഖപ്പെടുത്തുന്നു. ഈ പരിപാടി ഒരു വൻ വിജയമാക്കുന്നതിന് ഏവരുടേയും സഹകരണം ഒരിക്കൽകൂടി അഭ്യർത്ഥിക്കുന്നു.

**കെ.സി.സി.എൻ.എ നാഷണൽ കൗൺസിൽ മീറ്റിംഗ്**

മാർച്ച് 21-ന് വാഷിംഗ്ടൺ ഡി.സി.യിൽ ചേർന്ന കെ.സി.സി.എൻ.എ നാഷണൽ കൗൺസിൽ യോഗം സണ്ണി പൂഴിക്കാലാ (പ്രസിഡന്റ്), ജോസ് ഉപ്പൂട്ടിൽ (വൈസ് പ്രസിഡന്റ്), പയസ് വേളൂപ്പറമ്പിൽ (ജനറൽ സെക്രട്ടറി), സക്കറിയ ചേലക്കൽ (ജോയിന്റ് സെക്രട്ടറി), ജോസ് ഏടാട്ടുകുന്നേൽ (ട്രഷറർ), റ്റിനു പറഞ്ഞാട്ട് (ചിക്കാഗോ ആർ.വി.പി.)എന്നിവരെ തെരഞ്ഞെടുത്തു. ജോയിന്റ് സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട സക്കറിയാ ചേലക്കലിനേയും, ചിക്കാഗോ റിജിയണൽ വൈസ് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട റ്റിനു പറഞ്ഞാട്ടിലിനേയും കെ.സി.എസിന്റെ അനുമോദനം അറിയിക്കുന്നു.

**കെ.സി.എസ് ന്യൂസ്ലെറ്റർ :**

കെ.സി.എസ് പ്രസിദ്ധീകരണമായ കെ.സി.എസ് ന്യൂസ് ലെറ്ററിന്റെ മൂന്നു ലക്കങ്ങൾ ഇതിനോടകം പ്രസിദ്ധീകരിച്ചു. പരസ്യങ്ങൾ നൽകി സഹായിക്കുന്നവർക്കും പ്രസിദ്ധീകരണ സഹായം നൽകുന്നവർക്കും പ്രത്യേകം നന്ദി.

**പോഷകസംഘടനകൾ**

**കിഡ്സ് ക്ലബ്:**

കിഡ്സ് ക്ലബിന്റെ ആഭിമുഖ്യത്തിൽ നല്ല പങ്കാളിത്തത്തോടെ ഈസ്റ്റർ എഗ്ഗ് ഹണ്ട് നടത്തപ്പെട്ടു. കിഡ്സ് ക്ലബ് കെ.സി.ജെ.എൻ എന്നീ പോഷക സംഘടനകളുടെ പ്രവർത്തനോദ്ഘാടനം മാർച്ച് 6-ന് പ്രസിഡന്റ് ജോസ് കണിയാലി നിർവഹിച്ചു. കിഡ്സ് ക്ലബ് കോ-

ഓർഡിനേറ്റർമാരായ ആന്റണി വല്ലൂർ, സമയ തേക്കുനിൽക്കുന്നതിൽ അനിതാ പണയപ്പറമ്പിൽ, ഷാനിൽ വെട്ടിക്കാട്ട്, ഷൈല മുല്ലപ്പള്ളിൽ എന്നിവർ വിവിധങ്ങളായ പരിപാടികൾക്ക് രൂപവും ഭാവവും നൽകികൊണ്ടിരിക്കുന്നു.

**കെ.സി.ജെ.എൽ:**

നമ്മുടെ പ്രീടീൻസിന്റെ വളർച്ചയ്ക്കും, വികാസത്തിനുമുള്ള പ്രവർത്തനങ്ങൾക്ക് കെ.സി.ജെ.എൽ കോ-ഓർഡിനേറ്റർമാരായ സൈബു കുളങ്ങര, സ്റ്റീഫൻ ഒറ്റയിൽ, എത്സമ്മ പൂഴിക്കുന്നേൽ, നീനാ പോട്ടൂർ, സുമ ഐക്കരപറമ്പിൽ എന്നിവർ നേതൃത്വം നൽകുന്നു.

**കെ.സി.വൈ.എൽ:**

ഷാൺ മുല്ലപ്പള്ളിൽ (പ്രസിഡന്റ്), ജെക്സ് നെടിയകാലായിൽ(വൈസ് പ്രസിഡന്റ്), ജോസ്മോൻ ചെമ്മാച്ചേൽ (എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ്), എയ്മി കൂപ്ലി (സെക്രട്ടറി), ഷാൺ പുലിമലയിൽ, ടിഷാ കൈതക്കതൊട്ടിയിൽ (ജോയിന്റ് സെക്രട്ടറിമാർ), ലാൻസ് പൂഴിക്കുന്നേൽ (ട്രഷറർ)എന്നിവരാണ് കെ.സി.വൈ.എൽ ഭാരവാഹികൾ. ജെയ്സൺ ചക്കാലക്കൽ, സുമി ചക്കാലക്കൽ എന്നിവർ ഡയറക്ടർമാരായും സേവനമനുഷ്ടിക്കുന്നു. കെ.സി.വൈ.എൽ.എൻ.എ. റീജിയണൽ വൈസ് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട ജെക്സ് നെടിയകാലയ്ക്ക് അഭിനന്ദനങ്ങൾ നേരുന്നു. ഇതിനോടകം സ്കൈഹൈയിൽ സെന്ററിൽ ഗെയിംസ്, കരിയർ ഡേ, മാർച്ച് ഫോർ ബേബീസ് എന്നീ പരിപാടികൾ നടത്തപ്പെട്ടു.

**യുവജനവേദി:**

യുവജനവേദിയുടെ പ്രവർത്തനോദ്ഘാടനം കെ.സി.എസ്. പ്രസിഡന്റ് ജോസ് കണിയാലി നിർവഹിച്ചു. ജിബിറ്റ് കിഴക്കേക്കുറ്റ് (പ്രസിഡന്റ്), ഷെല്ലി നെല്ലാമറ്റം, ആഷിഷ് അമ്പേനാട്ട് (വൈസ് പ്രസിന്റുമാർ), മോഹൻ മാമൂട്ടിൽ (സെക്രട്ടറി), മിന്നാ ചിലമ്പത്ത്, ജൂണി ആലപ്പുരയ്ക്കൽ (ജോയിന്റ് സെക്രട്ടറിമാർ), ജോബിൻ മുണ്ടത്താനത്ത് (ട്രഷറർ) എന്നിവരാണ് യുവജനവേദി ഭാരവാഹികൾ. അരുൺ നെല്ലാമറ്റം, ഷെറിൻ കൈതക്കതൊട്ടിയിൽ എന്നിവർ ഡയറക്ടേഴ്സ് ആയും സേവനം ചെയ്തു വരുന്നു. കെ.സി.എസിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട ക്രിസ്തുമസ് കരോളിന്, യുവജനവേദി പ്രവർത്തകർ പ്രശംസനീയമായ സഹകരണം നൽകി. കെ.സി.എസ് ബോർഡ് ഓഫ് ഡയറക്ടേഴിസിന്റെ നിർദ്ദേശം അനുസരിച്ച് കെ.സി.വൈ.എൽന്റേയും, യുവജനവേദിയുടേയും ഒരു സംയുക്ത യോഗം കെ.സി.എസ്. എക്സിക്യൂട്ടീവിന്റെ സാന്നിദ്ധ്യത്തിൽ ചേരുകയും, ജൂൺ 27-ന് സംയുക്തമായി യുവജനദിനം ആഘോഷിക്കുവാനും തീരുമാനിച്ചു.

**വിമൻസ് ഫോറം:**

പ്രതിഭാ തച്ചേട്ട് (പ്രസിഡന്റ്), ഷീബാ മുത്തോലം (വൈസ് പ്രസിഡന്റ്), ബിനു ഇടക്കര (സെക്രട്ടറി), റ്റീന കുളങ്ങര (ജോ.സെക്രട്ടറി), ബിൻസി പൂത്തുറയിൽ (ട്രഷറർ), എന്നിവരാണ് വിമൻസ് ഫോറം ഭാരവാഹികൾ. കെ.സി.ഡബ്ല്യൂ.എഫ്.എൻ.എ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട പ്രതിഭാ തച്ചേട്ടിന് അഭിനന്ദനം രേഖപ്പെടുത്തുന്നു. വിമൻസ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ ജനുവരി 24-ാം തീയതി, അറ്റ്ലാന്റീസ് ബാങ്ക്വറ്റ് ഹാളിൽ വച്ച് വർണ്ണാഭമായ ഹോളീഡേ പാർട്ടിയും, മെയ് 2-ാം തീയതി സർഗ്ഗാത്മകത തൊട്ടുണർത്തിയ വനിതാ സർഗ്ഗമേളയും നടത്തപ്പെട്ടു. ക്നാനായ വനിത ശാക്തീകരണത്തിനായി എക്സിക്യൂട്ടീവിന്റെ നേതൃത്വത്തിൽ വിവിധപരിപാടികൾ രൂപം നൽകി വരുന്നു.

**സീനിയർ സിറ്റിസൺ ഫോറം:**

തോമസ് കല്ലിടുക്കിയിൽ, ജേക്കബ് മണ്ണാർക്കാട്ടിൽ, മാത്യു പുളിക്കതൊട്ടിയിൽ, ജോർജ്ജ് പുതുശ്ശേരിൽ, ജേക്കബ് പുല്ലാപ്പള്ളിയിൽ എന്നിവരാണ് കോ-ഓർഡിനേറ്റർമാർ. മാതാവിന്റെ വണക്കമാസആചരണം, ഡിട്രോയിറ്റിലുള്ള ഫോർഡ് മോട്ടോർ കമ്പിനിയിലേക്കുള്ള ടൂർ എന്നിവ പ്രവർത്തന പരിപാടികളിൽപെടുന്നു.

**ഗോൾഡീസ്:**

50 വയസ്സിനുമുകളിൽ പ്രായമുള്ളവരുടെ സംഘടനയായ ഗോൾഡീസിന്റെ പ്രവർത്തനോദ്ഘാടനം, കെ.സി.എസ്. പ്രസിഡന്റ് ജോസ് കണിയാലി നിർവഹിച്ചു. ഗോൾഡീസ് കോ-ഓർഡിനേറ്റർമാരായ ഫിലിപ്പ് ഇലയ്ക്കാട്ട്, ജോസ് നടുപ്പറമ്പിൽ, ജോൺ ഇലയ്ക്കാട്ടു എന്നിവർ പ്രവർത്തനങ്ങൾക്കു ചുക്കാൻ പിടിക്കുന്നു.

**കെ.സി.എസ്. റിസോഴ്സ് കമ്മറ്റി:**

സമുദായ അംഗങ്ങളെ തൊഴിലവസരങ്ങൾ, ഗവൺമെന്റ് നൽകുന്ന സേവനങ്ങൾ എന്നിവ അറിയിക്കുന്നതിനോടൊപ്പം പുതിയ കെ.സി.എസ് അംഗങ്ങളെ സ്വാഗതം നൽകുക എന്നീ ശ്ലാഘനീയമായ പ്രവർത്തനങ്ങൾ നടത്തുന്ന കെ.സി.എസ് റിസോഴ്സ് കമ്മറ്റിക്ക് അഭിനന്ദങ്ങൾ അറിയിക്കുന്നു.

**വെബ്സൈറ്റ് കമ്മറ്റി:**

കെ.സി.എസ് വെബ്സൈറ്റ് കമ്മറ്റി അംഗങ്ങളായ റ്റെഡി മുഴയൻമാക്കൽ, ദിലീപ് മാധവപള്ളിയിൽ, ബിനോയി കിഴക്കനടിയിൽ എന്നിവരുടെ സേവനങ്ങൾക്ക് നന്ദി അറിയിക്കുന്നതോടൊപ്പം, വിവിധങ്ങളായ സാങ്കേതിക സഹായം നൽകി വരുന്ന ജിമ്മി കണിയാലിക്കും നന്ദി രേഖപ്പെടുത്തുന്നു.

പുതിയതായി രൂപീകൃതമായികൊണ്ടിരിക്കുന്ന വിവിധ ഫോറങ്ങളുടെ പ്രവർത്തന വിജയത്തിന് കെ.സി.എസ് അംഗങ്ങൾ നൽകികൊണ്ടിരിക്കുന്ന സഹായസഹകരണത്തിന് നന്ദി അറിയിക്കുന്നതോടൊപ്പം ഭാവി പ്രവർത്തനങ്ങൾക്കും സഹകരണവും, പങ്കാളിത്തവും പ്രതീക്ഷിച്ചുകൊണ്ട് റിപ്പോർട്ട് സവിനയം സമർപ്പിക്കുന്നു.

**ജീനോ കോതാലടിയിൽ**
സെക്രട്ടറി